# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി പി.റ്റി.എ .പി9/998/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 25/10/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി പി.റ്റി.എ .പി9/998/2023 തീയ്യതി: 25/10/2023

## പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജി കുമാർ കെ, ഓഡിറ്റ് ഓഫീസർ

ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (11-09-23 മുതൽ 13-09-23 വരെ)

ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സാജിതാ സലിം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീലാ കുമാരി | പ്രസിഡന്റ് | 01-04-2022 | 13-01-2023 |
| ശ്രീ. ഷാജി കെ | പ്രസിഡന്റ് | 14-01-2023 | 22-02-2023 |
| ശ്രീമതി പ്രീജാ പി നായർ | പ്രസിഡന്റ് | 23-02-2023 | 31-03-2023 |
| ശ്രീ. വി.എൻ. അനിൽ | സെക്രട്ടറി | 01-04-2022 | 07-01-2023 |
| ശ്രീ. അജിത് കുമാർ. എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-01-2023 | 20-01-2023 |
| ശ്രീമതി മിനി.ആർ.നായർ | സെക്രട്ടറി | 21-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അജിത് കുമാർ. എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. ആരിഫ് മുഹമ്മദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 28-09-2022 |
| ശ്രീമതി സൂര്യ എസ്. നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-09-2022 | 31-03-2023 |
| ഡോ. രേഷ്മ കണ്ണൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 26-04-2022 |
| ഡോ. തനൂജ. എം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 27-04-2022 | 31-03-2023 |
| ഡോ. രമ്യ എൻ.ആർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ. ഷീജാ ബീവി വി.എ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. അജീബ്. എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സൈറ ഇസ്മയിൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 03-05-2022 |
| ശ്രീമതി സൌമ്യ ഉത്തമൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 04-05-2022 | 31-03-2023 |
| ശ്രീമതി ഷീല. എസ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി അഞ്ജു കൃഷ്ണൻ | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. രമേഷ് കുമാർ. റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 24-07-2022 |
| ശ്രീമതി ആശാ ദേവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25-07-2022 | 31-03-2023 |
| ശ്രീമതി നീതു കൃഷ്ണൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ളോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | Capital Contribution ശീർഷകത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത് | 1-1-3 |
| 5 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ഡിപ്പോസിറ്റ് രജിസ്റ്റർ ആധികാരികമല്ല | 1-1-5 |
| 7 | ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല | 1-1-6 |
| 8 | വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ DCB വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | അഡ്വാൻസ് തുകകളുടെ നീക്കിയിരിപ്പിന് ആധികാരിക രേഖയില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പെൻഷനുകൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 19 | ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | 1-11 |
| 20 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-12 |
| 21 | തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല | 1-13 |
| 22 | കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് പുതുക്കുന്നില്ല | 1-14 |
| 23 | ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 1-15 |
| 24 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക 351551 രൂപ | 1-16 |
| 25 | അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല | 1-17 |

| | | |
|---|---|---|
| 26 | സ്കൂളുകളിൽ പ്രഭാതഭക്ഷണ പരിപാടി നടപ്പാക്കുന്നില്ല | 1-18 |
| 27 | മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല | 1-19 |
| 28 | മരുന്ന് വാങ്ങൽ പദ്ധതി- ഹോംകോയിൽനിന്നും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല | 1-20 |
| 29 | വെറ്ററനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 1-21 |
| 30 | വന്യ മൃഗങ്ങളിൽ നിന്ന് കാർഷിക വിളകൾക്ക് സംരക്ഷണം -പദ്ധതി ലക്ഷ്യം കണ്ടില്ല | 1-22 |
| 31 | പഠനമുറി നിർമ്മാണം - അപാകതകൾ | 1-23 |
| 32 | പിവിസി വാട്ടർ ടാങ്ക് വാങ്ങി നൽകൽ- അധികമായി പിരിച്ച ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല. | 1-24 |
| 33 | റ്റേക്ക്-എ-ബ്രേക്ക് - നിർമ്മിച്ച ടോയ്‌ലറ്റ് കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല | 1-25 |
| 34 | ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ ക്രിയാത്മകമല്ല | 1-26 |
| 35 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം -അവലോകനം | 1-27 |
| 36 | അതിദാരിദ്ര്യ മൈക്രോപ്ലാൻ പൂർണ്ണമായി നടപ്പാക്കിയില്ല | 1-28 |
| 37 | പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിട്ട്സുകൾ യഥാസമയം അംഗീകരിക്കുന്നില്ല | 1-29 |
| 38 | എസ്.എസ്.കെ- വിശദമായ വിനിയോഗ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല | 1-30 |
| 39 | പഞ്ചായത്തിൽ അംഗീകൃത അറവുശാലകൾ സ്ഥാപിച്ചില്ല | 1-31 |
| 40 | കേരള വാട്ടർ അതോറിറ്റിയിൽ തിരികെ ലഭ്യമായ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു | 1-32 |
| 41 | ലൈഫ് ഭവനപദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല | 1-33 |
| 42 | പദ്ധതി യഥാസമയം നടപ്പാക്കിയില്ല. 1.22 കോടി രൂപ ലാപ്സായി. | 1-34 |
| 43 | ലക്ഷക്കണക്കിനു രൂപയുടെ മരുന്നുകൾ KMSCL ൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്നു. | 1-35 |
| 44 | കുടിവെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക അരക്കോടിയിൽ അധികം | 1-36 |
| 45 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-37 |
| 46 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കിയില്ല. | 1-38 |
| 47 | എ.ബി.സി പദ്ധതി നടപ്പിലാക്കിയില്ല | 1-39 |
| 48 | ഓഡിറ്റ് ഇംപാക്ട് | 1-40 |
| 49 | സമഗ്ര പുരയിട കൃഷി- പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് | 1-41 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കലും നിർദ്ദേശങ്ങളും അനുസരിച്ച് 25.07.2023 തീയതിയിലെ 26(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മലയാലപ്പുഴ ഗ്രാമപ്പഞ്ചായത്തിന്റെ മാർച്ച് 2023-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൽഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — ഡെപ്യൂട്ടി ഡയറക്ടർ

25.10.2023 — ജില്ലാ ഓഡിറ്റ് കാര്യാലയം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62(2)F നിർദ്ദേശിക്കപ്പെട്ട പ്രകാരം സെക്രട്ടറിയുടെ കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ (Ratios) എന്നിവ സംബന്ധിച്ച പത്രികകകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ളോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ളോ പത്രികയിലെ ആകെ ക്യാഷ് ഫ്ളോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 Capital Contribution ശീർഷകത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്

ഷെഡ്യൂൾ B3- Capital Contribution ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ ചെലവുകളായി ഷെഡ്യൂൾ I-6 ൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഗ്രാന്റ് തുകകൾ ഉപയോഗിച്ച് സ്ഥിര ആസ്തികൾ സൃഷ്ടിച്ചപ്പോൾ ആയത് Capital Head -ൽ അക്കൗണ്ട് ചെയ്തില്ല.

## 1-1-4 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

തലേ വർഷം വരെയുള്ള ഡിമാന്റുകൾ വർഷാരംഭത്തിലും, തുടർന്നുണ്ടാകുന്ന ഡിമാന്റുകൾ എല്ലാ മാസവും രേഖപ്പെടുത്തുന്നില്ല.

## 1-1-5 ഡിപ്പോസിറ്റ് രജിസ്റ്റർ ആധികാരികമല്ല

വിവിധ പ്രവൃത്തികൾക്ക് ലഭിക്കുന്ന ഡിപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് തുക, ഡിപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-6 ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-1-7 വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ DCB വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-8 അഡ്വാൻസ് തുകകളുടെ നീക്കിയിരിപ്പിന് ആധികാരിക രേഖയില്ല

അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B18 ലെ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

## 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പരും തീയതിയും | 1(1) തീയതി 27-03-2022 |
| ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് | 54848159 |
| പ്രതീക്ഷിത വരവ് | 179685000 |
| ആകെ | 234533159 |
| പ്രതീക്ഷിത ചെലവ് | 227836000 |
| നീക്കിബാക്കി | 6697159 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പരും തീയതിയും | 1(1) തീയതി 21-03-2023 |

## 1-3 സാമ്പത്തിക വിശകലനം

| | റസിപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 12925481 | 0 |
| വരവ് | 34155155 | 111518797 |
| ആകെ | 47080638 | 111518797 |
| ചെലവ് | 25151803 | 113312601 |

| | |
|---|---|
| നീക്കിയിരിപ്പ് | 21928833 |

## 1-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ് (അലോട്ട്മെന്റ് പ്രകാരമുള്ളത്)* | ആകെ | *ചെലവ്* | *നീക്കി ബാക്കി* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16546860 | 16546860 | 16027011 | 519849 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 6321000 | 6321000 | 5238828 | 1082172 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10716000 | 10716000 | 4807568 | 5908432 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4570000 | 4570000 | 2993085 | 1576915 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 2051820 | 4489001 | 6540821 | 738060 | 5702760 (Bank) 10000 (Lapse) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 843507 | 2906000 (Allotment) 114468 (Interest) | 3863975 | 2464968 | 1399007 |

### കേന്ദ്രാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്( അലോട്ട്മെന്റ് പ്രകാരമുള്ളത്)* | ആകെ | *ചെലവ്* | *നീക്കി ബാക്കി* |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ..ജി.എസ് | 15328 | 26436308 | 26451636 | 25082277 | 1369359 |
| ഐ.സി.ഡി.എസ്. | 582923 | 954024 | 1536947 | 548333 | 988614 |

### സംസ്ഥാനാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ് (അലോട്ട്മെന്റ് പ്രകാരമുള്ളത്)* | ആകെ | *ചെലവ്* | *നീക്കി ബാക്കി* |
|---|---|---|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | 1110981 | 140000 | 1250981 | 482865 | 768116 |
| ലൈഫ് മിഷൻ (സംസ്ഥാനവിഹിതം) | 200000 | 1600000 | 1800000 | 1080000 | 720000 |

1. വികസനഫണ്ട് (ജനറൽ)- സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിലുള്ള 1095000 രൂപ, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് ഇനത്തിലുള്ള 769058 രൂപ, എന്നിവ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വകസനഫണ്ട് (Scp)- ലൈഫ് മിഷൻ വായ്പാ തിരിച്ചടവിന് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 672455 രൂപ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

1. 2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 185 | 86342982 | 42622754 | 111 | 26 | 48 | 84.82 |

2. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ഉത്പാദനം | 9224863 | 2491399 | 27% |
| സേവനം | 59106673 | 28985570 | 47% |
| പശ്ചാത്തലം | 20932645 | 9831985 | 49% |

3. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* |
|---|---|---|---|---|
| സെക്രട്ടറി | 38 | 26 | 13115931 | 6533484 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 4312850 | 2793649 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 48 | 20759353 | 8532874 |
| കൃഷി ഓഫീസർ | 11 | 7 | 6169735 | 1421691 |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 10 | 33401524 | 14151288 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 4 | 2512556 | 546171 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8 | 4405810 | 3042451 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 7 | 7 | 2166447 | 2019381 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 775000 | 724725 |
| പ്രഥമാദ്ധ്യാപകൻ, ജി.എൽ.പി.എസ് | 3 | 3 | 543975 | 542554 |
| വെറ്ററിനറി സർജൻ | 6 | 5 | 2938800 | 1313800 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1101000 | 1000686 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് - ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 15328 | 1354031 | 1369359 | 0 | 1369359 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25082277 | 25082277 | 25082277 | 0 |
| ആകെ | 15328 | 26436308 | 26451636 | 25082277 | 1369359 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3957000 | 343 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2616800 | 229 |
| വിധവാ പെൻഷൻ | 8194700 | 723 |
| വാർദ്ധക്യകാല പെൻഷൻ | 17158600 | 1635 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 321600 | 29 |
| തൊഴിൽ രഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-09-23 തീയതിയിൽ 11.30 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26015/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽനിന്നും നൽകുന്ന സേവനങ്ങൾക്ക് അംഗീകൃത ഗുണമേന്മ നിലവാരം കൊണ്ടുവരികയും ഗ്രാമപ്പഞ്ചായത്തിനെ കൂടുതൽ പൗര സൗഹൃദപരമാക്കി ISO സർട്ടിഫിക്കേഷൻ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പദ്ധതികളുടെ ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി നേരിട്ട് തെരഞ്ഞെടുത്ത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഇത് ക്രമവിരുദ്ധമാണ്.

ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്. തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്. ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകളും സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഇനത്തിലുള്ള പണം ഒടുക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.09.2018 മുതൽ 22.09.2018 വരെ | 2013-2014 മുതൽ 2017-2018 വരെ | 03.11.2018 |
| പെർഫോമൻസ് ഓഡിറ്റ് | 28.06.2022 | 01/2022 മുതൽ 03/2022 വരെ | 01-02-2023 |

## 1-11 ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്തു സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത മാനവൽ രസീത് ബുക്കുകളിലെ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല (ഉദാ: 4275, 4279, 4282, 4283). ഉപയോഗിക്കാത്ത രസീതുകൾ സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ക്യാൻസൽ ചെയ്ത്, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-12 തനത് വരുമാനം സംബന്ധിച്ച അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശപ്രകാരവും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യംനൽകിക്കൊണ്ടും മലയാലപ്പുഴ ഗ്രാമപ്പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ)നം. 117/2022/LSGD/01-06-2022 ലെ നമ്പർ ഉത്തരവിലെ ക്രമ നമ്പർ 2 ൽ എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി. സി. ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ സമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ടി നിർദ്ദേശം നടപ്പില്ലാക്കുന്നില്ല. അതത് മാസത്തിലെ വരവ് ചെലവുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായി അംഗീകരിക്കുന്നുണ്ട്. ബജറ്റും യഥാർഥ വരവുകളുമായുള്ള അന്തരം ടി കമ്മിറ്റി പരിശോധിച്ചിട്ടില്ല.

2.ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ മൊത്തം വരവു ചെലവു കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതുമായിരിക്കണം ബജറ്റ്. തനത് വരവുകളുടെ ബജറ്റ് പ്രകാരമുള്ള തുകയും യഥാർത്ഥ വരവുകളും തമ്മിൽ അന്തരമുണ്ട്. പ്രധാനപ്പെട്ട തനത് വരവുകളുടെ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ തുകകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ബജറ്റ് പ്രകാരമുള്ള കളക്ഷൻ | യഥാർത്ഥ കളക്ഷൻ |
|---|---|---|---|
| 1 | വസ്തുനികുതി | 5000000 | 3421142 |
| 2 | തൊഴിൽ നികുതി | 1400000 | 1060400 |
| 3 | ലൈസൻസ് ഫീസ് | 250000 | 116000 |
| 4 | പെർമിറ്റ് ഫീസ് | 250000 | 101882 |

3.വസ്തുനികുതി

സ.ഉ (കൈ.)നമ്പർ 77/2023 LSGD/22-03-23 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01-04-2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 8.05.2023 തീയതിയിലെ തീരുമാനം നം.2 ആയി പുതുക്കിയ നിരക്ക് അംഗീകരിച്ചു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതിയുടെ അഞ്ച് ശതമാനം സേവന ഉപനികുതിയായി ഈടാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് മേഖലാ വിഭജനം നടത്തിയിട്ടുള്ളത്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്/ ഇളവ് എന്നിവ ക്രമ പ്രകാരമാണ്. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വസ്തു നികുതി രജിസ്റ്ററുകളിലെയും സഞ്ചയ സോഫ്റ്റ് വെയറിലെയും രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. തൻ വർഷത്തെ വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയയിലെയും ILGMSലെയും ഡിമാന്റ്, കളക്ഷൻ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|---|
| 1 | വസ്തു നികുതി (പാർപ്പിടാവശ്യം) | ILGMS | 2075722 | 2044565 |
| | | സഞ്ചയ | 2076023 | 2007309 |
| 2 | വസ്തു നികുതി (പാർപ്പിടേതരാവശ്യം) | ILGMS | 1069365 | 977867 |
| | | സഞ്ചയ | 1069293 | 977836 |

ഊർജ്ജിത നികുതി പിരിവിന്റെ ഭാഗമായി രണ്ട് തവണ ക്യാമ്പ് കളക്ഷൻ നടത്തുകയും, കുടുംബശ്രീ മുഖേന ഡിമാൻഡ് നോട്ടീസ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. കെട്ടിട നികുതി അടവാക്കുന്നതിന് ഓൺലൈൻ സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. കെട്ടിട ഉടമകൾക്ക് ഫോൺ മുഖേന മെസ്സേജ് അയച്ച് കൃത്യമായി നികുതി അടയ്ക്കാൻ ഓർമിപ്പിക്കുന്നുണ്ട്.

4.തൊഴിൽ നികുതി

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. വാർഷിക ധനകാര്യ പത്രികയിലേയും രജിസ്റ്ററിലേയും തൊഴിൽ നികുതി (Institution/ Traders) ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. ചട്ടപ്രകാരമുള്ള പ്രൊഫഷണലുകളുടെ പട്ടിക സ്ഥാപനം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തൊഴിലുടമ ലഭ്യമാക്കിയ വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ ഫീൽഡ് വേരിഫിക്കേഷൻ, അനുബന്ധ രേഖകളുടെ പരിശോധന എന്നിവ പഞ്ചായത്ത് നടത്തി വരുന്നുണ്ട്. നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണമല്ലാത്തവ/ അപാകതകളുള്ളവ നിരസിച്ചിട്ടുണ്ട്. ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പൊരുത്തപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുണ്ട്.

5. ലേലം

നിഷ്ക്രിയ ആസ്തികളായിമാറിയ കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കി നേടിയെടുക്കാനുള്ള സാധ്യതകൾ പരിശോധിക്കുന്നില്ല.

6. ലൈസൻസ് ഫീസ്

റേഷൻ കടകളിൽ നിന്നും കൃത്യമായി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. ലൈസൻസ് ഫീസ് ഇനത്തിൽ റേഷൻ കടകൾ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്. 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവു സംബന്ധിച്ച പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

2.ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മലയാലപ്പുഴ അക്ഷയകേന്ദ്രത്തിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം.9, തീയതി 19-9-2023) മറുപടിയായി, പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. സ്ഥാപന തൊഴിൽനികുതി ഒടുക്കുവരുത്താത്ത സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽനികുതിയും, തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽനികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് പുതുക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങളിലെ 17-ാം വകുപ്പ് പ്രകാരം കെട്ടിട നിർമാണത്തിനുള്ള പെർമിറ്റിന്റെ കാലാവധി മൂന്നു വർഷം വരെയാണ്. ടി കാലയളവിനു ശേഷം പെർമിറ്റ് പുതുക്കുകയോ, കെട്ടിടം പണി പൂർത്തിയാക്കി വസ്തുനികുതി നിർണയിക്കുകയോ ചെയ്യേണ്ടതാണ്. 1-04-2018 മുതൽ 02-11-2019 (2019-ലെ പുതുക്കിയ ഭേദഗതി നിലവിൽ വരുന്നതിന് മുമ്പ്) വരെയുള്ള കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപേക്ഷകർ അപേക്ഷ നല്കി മൂന്ന് വർഷത്തിനു ശേഷവും പെർമിറ്റ് പുതുക്കുകയോ, കെട്ടിടം പണി പൂർത്തിയാക്കിയതിന്റെ വിവരം പഞ്ചായത്തിൽ അറിയിച്ച് വസ്തുനികുതി നിർണയിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | അപേക്ഷകന്റെ പേര്,മേൽവിലാസം | പെർമിറ്റ് നം. |
|---|---|---|
| 1 | കോശി മാത്യു,കോയിക്കലേത്ത് വീട്ടിൽ | A2-1938/18 |

| | | |
|---|---|---|
| 2 | സാജൻ പി.എം, വൽസലനിലയം, മലയാലപ്പുഴ | A2-2146/18 |
| 3 | തുളസിഭായി, തണ്ണിക്കുഴിമണ്ണിൽ | A2-1895/18 |
| 4 | ആശാകുമാർ,ശാന്തിയിൽ വീട്, താഴം(പി.ഒ) | A2-2277/18 |
| 5 | ഓമന,പുത്തൻപുരയിൽ | A2-2426/18 |
| 6 | ഉഷാകുമാരി, വലിയകാലായിൽ, ചീങ്കൽത്തടം (പി.ഒ) | A2-2490/18 |
| 7 | അപ്പുക്കുട്ടൻ നായർ &ഉഷാകുമാരി, താന്നിനിൻകുന്നതിൽ, മുരുപ്പേൽ | A2-2535/18 |
| 8 | സാജൻ കെ.പി,കുറിഞ്ഞിപ്പുഴ കീഴവെട്ടിൽ, താഴം | A2-2668/18 |
| 9 | ബിനി തങ്കച്ചൻ, അറയ്ക്കൽ വീട്, കിഴക്കുംപുറം (പി.ഒ) | A2-BA(233016)/18 |
| 10 | സന്തോഷ് കുമാർ കെ.പി, കിഴക്കേകര പുത്തൻ വീട്, വടക്കുപുറം (പി.ഒ) | A2-BA(264750)/ 18 |
| 11 | സതീഷ് സി.വി, ഏറമ്മുറിയിൽ | A2-BA(255938)/18 |
| 12 | അനന്തു വി, കളക്കാട്ട് പുത്തൻവീട്, താഴം (പി.ഒ) | A2-BA(297322)/18 |
| 13 | ഗിരീഷ് കുമാർ, നിരവത്ത് വീട്, ഏറം (പി.ഒ) | A2-BA(2901)/19 |
| 14 | രതീഷ് എം, മോളൂതറയിൽ | A2-BA(41937)/19 |
| 15 | ഉത്തമൻ നായർ, മരുതന മഠത്തിൽ | A2-BA(38153)/19 |
| 16 | മന മോഹൻ & അർച്ചന ഷാജി, മനീഷ് ഭവൻ | A2-BA(71051)/19 |
| 17 | മനീഷ് എൻ.എസ്, മുതുകാട്ടിൽ, മലയാലപ്പുഴ | A2-BA(68305)/19 |
| 18 | ലില്ലമോൾ കെ.എസ്, കുളങ്ങര വീട്, വടക്കേപ്പുറം (പി.ഒ) | A2-BA(172255)/19 |
| 19 | ഉലഹന്നാൻ എബ്രഹാം, വയലികൊല്ലത്ത്, കുമ്പളംപൊയ്ക (പി.ഒ) | A2-BA(212381)/19 |
| 20 | സുഷമ, താഴത്ത്മുറിയിൽ, മലയാലപ്പുഴ, താഴം | A2-BA(237558)/19 |
| 21 | ശ്രീകുമാർ &സൂര്യ ശ്രീകുമാർ, ചക്കാനിക്കൽ (ഹൗസ്), അട്ടച്ചാക്കൽ | A2-BA(229153)/19 |
| 22 | സ്റ്റാൻലി ഡാനിയേൽ, മുണ്ടനിശേരിൽ (ഹൗസ്), വടക്കേപ്പുറം | A2-BA(283049)/ 19 |
| 23 | സൂസൻ റെജി,കുളത്തുംകൽ | A2-BA(273676)/19 |
| 24 | അനിൽകുമാർ, ശശി സദനം, | A2- |

| | | |
|---|---|---|
| | മലയാലപ്പുഴ, താഴം | BA(295532)/19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.22/16.09.2023) മേൽ അപേക്ഷകർക്ക് കത്ത് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 1-ലെ ക്രമ നം- 149 പ്രകാരം റേഷൻകടകൾ യഥാസമയം ഗ്രാമപ്പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

2. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ മലയാലപ്പുഴ, വെട്ടൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.
ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 25/18-9-2023) ടി സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ലൈസൻസ് ഫീസ് അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക 351551 രൂപ

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച. മീറ്ററിന് 400/- രൂപയും കൂടിയ വസ്തുനികുതി 500/- രൂപയുമാണ്. മലയാലപ്പുഴ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കൃത്യമായി ഈടാക്കിയിട്ടില്ല. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെയും അവയിൽനിന്ന് ഈടാക്കുവാനുള്ള നികുതി കുടിശ്ശികയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മൊബൈൽടവറുകളുടെ പേര് | വാർഡ് നം/കെട്ടിട നം | പ്ലിന്ത് ഏരിയ ($M^2$) | നികുതി തുക | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | BSNL | 7/543 | 16 | 7938 | 83538 |
| 2 | GTL Infrastructure Limited | 13/552 | 42 | 25468 | 268013 |
| ആകെ | | | | | 351551 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക തുകയായ 351551 രൂപ ഈടാക്കി ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല

2018-19 വർഷം അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായി കേന്ദ്ര വിഹിതം ലഭിച്ചതിൽ 906104/- രൂപ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ മേൽ പദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | കേന്ദ്ര വിഹിതം | ആകെ | കേന്ദ്ര വിഹിതം | ബാലൻസ് |
|---|---|---|---|---|---|

| | | ലഭിച്ചത് | | ചെലവഴിച്ചത് | |
|---|---|---|---|---|---|
| 2019-20 | 906104 | 620663 | 1526767 | 149642 | 1377125 |
| 2020-21 | 1377125 | 536589 | 1913714 | 900000 | 1013714 |
| 2021-22 | 1013714 | 463594 | 1477308 | 894385 | 582923 |
| 2022-23 | 582923 | 954024 | 1536974 | 548333 | 988614 |

31.03.23 വരെ പ്രസ്തുത ഇനത്തിൽ ആകെ 988614/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 സ്കൂളുകളിൽ പ്രഭാതഭക്ഷണ പരിപാടി നടപ്പാക്കുന്നില്ല

പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ(കൈ.)84/22/തസ്വഭവ തീയതി 19.4.2022) 8.8.3(2)(i) പ്രകാരം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാതഭക്ഷണ വിതരണ പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പ്രദേശങ്ങളിലെ സ്കൂളുകളിൽ ഈ പ്രോജക്ട് നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്. സർക്കാർ സ്കൂളുകളിലെ യു.പി വിഭാഗം വരെയുള്ള അർഹരായ എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം ഉറപ്പാക്കിയതിന് ശേഷം പദ്ധതി എയ്ഡഡ് സ്കൂളുകളിലേക്കും നടപ്പാക്കാവുന്നതാണ്. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്ത് ടി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/15.09.23) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ, മുൻഗണനാ വിഷയങ്ങളിൽ ഇത് സംബന്ധിച്ച നിർദ്ദേശം ഗ്രാമസഭയിൽ നിന്നോ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ നിന്നോ ലഭിക്കാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാതിരുന്നതെന്ന് അറിയിച്ചു. സാമൂഹിക പ്രതിബദ്ധതയോടെ നടപ്പാക്കേണ്ട ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-19 മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല

ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷവും അവരുടെ പേരിലുള്ള അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്യുന്നതായി കണ്ടെത്തി. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ പോലും യഥാസമയം സസ്പെൻഡ് ചെയ്തിട്ടില്ല. മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാത്തതിനാലാണ് ഈ അപാകത സംഭവിച്ചത്. ബാങ്ക് അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക കൈമാറുന്നതിനാൽ മരണപ്പെട്ടവരുടെ അനന്തരാവകാശികൾ തുക കൈപ്പറ്റുന്ന സാഹചര്യവും നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയ പെൻഷൻ തുക |
|---|---|---|---|---|
| ശ്രീ ആനന്ദൻ, കിടങ്ങിൽ വീട്, | 104120100397 | കർഷക തൊഴിലാളി പെൻഷൻ | 03-11-22 | 17600 |
| ശ്രീ ഗംഗാധരൻ നായർ, പതാലിൽ | 104120200288 | വാർദ്ധക്യകാല പെൻഷൻ | 13-09-22 | 20800 |

മരണപ്പെട്ടവരെ അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാദ്ധ്യസ്ഥരാണെന്ന്, സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ജി.ഒ.(എം.എസ്.)നം.97/2020/ധന തീ.23/09/2020 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തത് മൂലമുണ്ടാകുന്ന നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും ധനകാര്യ വകുപ്പിന്റെ 05/11/20-ലെ 67/20 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 28 തീയതി 18.09.2023) എൻക്വയറിയിൽ പരാമർശിച്ച ഗുണഭോക്താക്കളുടെ പെൻഷൻ നിലവിൽ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും, അധികമായി

കൈപ്പറ്റിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, തിരികെ അടവാക്കുന്ന തുകയുടെ വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി . അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 മരുന്ന് വാങ്ങൽ പദ്ധതി- ഹോംകോയിൽനിന്നും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന്റെ (SO15/23) ഭാഗമായി 150000/- രൂപ, ഹോമിയോ മരുന്നുകൾ സപ്ലൈ ചെയ്യുന്നതിനായി (BRN നം. 22050252013601/13-02-22) HOMCO-യ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ മുൻകൂർ തുക നൽകി മാസങ്ങൾ പിന്നിട്ടെങ്കിലും 71824 രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ, 10/ തീയതി 14-09-22) മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന മുറക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 വെറ്ററനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

വെറ്ററിനറി സർജന്റെ നിർവ്വഹണ ചുമതലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫയലുകളും രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2022-23 സാമ്പത്തിക വർഷം TR7A ക്യാഷ് ബുക്കും, പ്രോജക്ട് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല.

2. കറവപ്പശുവളർത്തൽ (ജനറൽ), ആടുവളർത്തൽ (ജനറൽ), എന്നീ പദ്ധതികളുടെ ഭാഗമായി 5.14 ലക്ഷം രൂപയുടെ ഉരുക്കളെയാണ് വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഫണ്ടിനം | | ചെലവ് | |
|---|---|---|---|---|
| | വികസന ഫണ്ട് (ജനറൽ) | മറ്റുള്ളവ | വികസന ഫണ്ട് (ജനറൽ) | മറ്റുള്ളവ |
| കറവപ്പശുവളർത്തൽ(ജനറൽ) (59/23) | 420000 | 420000 | 420000 | 0 |
| ആട് വളർത്തൽ (ജനറൽ) (133/23) | 280000 | 283500 | 94500 | 0 |

09-12-2022 ൽ മലയാലപ്പുഴ മൃഗാശുപത്രിയിൽ കൂടിയ കറവപ്പശു വളർത്തൽ പദ്ധതിയുടെ വാങ്ങലുമായി ബന്ധപ്പെട്ട പർച്ചേസ് കമ്മിറ്റി മീറ്റിംഗ് മിനിട്ട്സ് പ്രകാരം ഗുണഭോക്താവ് പശുവിനെ കണ്ട് ബോദ്ധ്യപ്പെട്ട ശേഷം മൃഗാശുപത്രിയിൽ വിവരം അറിയിക്കുകയും പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും, വെറ്ററനറി സർജനും 7 ഗുണഭോക്താക്കളും ഉൾപ്പടെയുള്ള സമിതി വില സമ്മതിച്ച് ഇൻഷ്വർ ചെയ്ത് ഗുണഭോക്താവിന് നൽകുകയും വേണം. 60000/- രൂപയിൽ അധികമായി വില വരികയാണെങ്കിൽ അധികം വരുന്ന തുക, ഇൻഷ്വറൻസ് പ്രീമിയം തുക, കടത്തുകൂലി എന്നിവ ഗുണഭോക്താവ് നേരിട്ട് വഹിക്കണമെന്നും തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ ടി സമിതി ഉരുക്കളെ കണ്ടതിന്റെയോ വില നിശ്ചയിച്ചതിന്റെയോ രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കുറഞ്ഞത് 3 വർഷമെങ്കിലും പശുവിനെ വളർത്തുമെന്ന് വ്യവസ്ഥ ചെയ്തു കൊണ്ട് പദ്ധതിയുടെ ഗുണഭോക്താക്കളിൽനിന്നും കരാർ എഴുതി വാങ്ങിയിട്ടില്ല. കൈയ്യൊപ്പിട്ട് ആധികാരികമാക്കാത്തതും, വ്യവസ്ഥകൾ എഴുതി പൂർത്തിയാക്കാത്തതോ ശൂന്യമായതോ ആയ മുദ്രപത്രങ്ങൾ വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രോജക്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ നമ്പർ 17/16-09-23) നിലവിൽ മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന മറുപടി നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 വന്യ മൃഗങ്ങളിൽ നിന്ന് കാർഷിക വിളകൾക്ക് സംരക്ഷണം -പദ്ധതി ലക്ഷ്യം കണ്ടില്ല

2022-23 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വന്യ മൃഗങ്ങളിൽ നിന്ന് കാർഷിക വിളകൾക്ക് സംരക്ഷണം എന്ന പദ്ധതി (പ്രൊജക്ട് നം. 39/23) ആവിഷ്കരിച്ചിരുന്നു. വികസന ഫണ്ട് (ജനറൽ) 100000 രൂപ, തനത് ഫണ്ട് 200000 ബ്ളോക്ക് പഞ്ചായത്ത് വിഹിതം 300000രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 400000 രൂപ, മറ്റുള്ളവ 1000000 രൂപ എന്നിങ്ങനെ ആകെ 2000000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഉൽപാദന മേഖലയിൽ

ഏറെ ഫലപ്രദമായിരുന്ന ടി പദ്ധതിക്കായി 68500 രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. ആയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് (എൻക്വയറി നമ്പർ 11 /15-09-23) ടി പദ്ധതി ആരംഭിക്കാൻ വൈകിയിരുന്നുവെന്നും സാമ്പത്തിക വർഷാവസാനം ഈ പദ്ധതിയിൽപ്പെട്ട എട്ട് ഗുണഭോക്താക്കളുടെ ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ കൊടുത്തിരുന്നുവെങ്കിലും പഞ്ചായത്തിന്റെ സബ്സിഡി തുക മാത്രമേ ഗുണഭോക്താക്കൾക്ക് നൽകുവാൻ സാധിച്ചുള്ളൂ എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉൽപാദന മേഖലയിൽ ഏറെ ഫലപ്രദമായ ഇത്തരം പദ്ധതികൾ പൂർണ്ണമായും നടപ്പാക്കുന്നതിനും മോണിട്ടറിംഗ് നടത്തുന്നതിനും പഞ്ചായത്ത് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-23 പഠനമുറി നിർമ്മാണം - അപാകതകൾ

അസിസ്റ്റൻറ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2022-23 വർഷം പഠനമുറി നിർമ്മാണത്തിനായി 1.25 ലക്ഷം രൂപ വീതം ശ്രീ സോമരാജൻ, ശ്രീമതി സിന്ധു, ശ്രീ സോമൻ കെ, ശ്രീ.അജി എ. ജി എന്നിവർക്ക് നൽകിയിട്ടുണ്ട്. കംപ്ലീഷൻ സർട്ടിഫിക്കറ്റ്, എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള വാലുവേഷൻ സർട്ടിഫിക്കറ്റ് , മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപേക്ഷയോടൊപ്പം സമർപ്പിച്ച മുദ്രപത്രത്തിൽ ചമച്ച കരാറിൽ ഒന്നും തന്നെ ഗുണഭോക്താക്കളും, അധികാരികളും ഒപ്പുവച്ചിട്ടില്ല. ഏതെങ്കിലും കാരണവശാൽ പഠനമുറി നിർമ്മാണം പൂർത്തിയാക്കാതെ വന്നാൽ പിഴപ്പലിശ അടക്കം തിരികെ നൽകണമെന്ന കരാറാണ് സാക്ഷ്യപ്പെടുത്താതെ സൂക്ഷിക്കുന്നത്. ആയത് സംബന്ധിച്ച് 16-09-23ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18 നുള്ള മറുപടിയിൽ 2പേരുടെ പഠനമുറി നിർമ്മാണം സ്പിൽ ഓവറായി തുടർവർഷം പൂർത്തിയാക്കിയതായി അറിയിച്ചിട്ടുണ്ട്. തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ കംപ്ളീഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-24 പിവിസി വാട്ടർ ടാങ്ക് വാങ്ങി നൽകൽ- അധികമായി പിരിച്ച ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിഭാഗങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ (പ്രോജക്ട് നമ്പർ 66/23) എന്ന പദ്ധതിയുടെ ചെലവ് പത്രിക പ്രകാരം അടങ്കൽ വികസനഫണ്ട് (SCP) 150000 രൂപയും, ഗുണഭോക്തൃ വിഹിതം 37500 രൂപയും, ഉൾപ്പെടെ 187500 രൂപയുംചെലവ് 175688 രൂപയുമാണ്. ഈ പദ്ധതിക്കായി ഗുണഭോക്തൃ വിഹിതമായി പിരിച്ചത് 54700 രൂപയാണ്. പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ സൺറൈസ് പോളികോർപ് എന്ന കമ്പനിയിൽനിന്നും 55 പി.വി.സി ടാങ്കുകൾ 184250 രൂപയ്ക്കാണ് വാങ്ങിയത്. അതിൽ 46062.5 രൂപ (184250 X 25%) ഗുണഭോക്തൃവിഹിതമാണ്. 55 ഗുണഭോക്താക്കളിൽ 53 പേരിൽനിന്നും 1000 രൂപ വീതവും (53000) രണ്ടുപേരിൽ നിന്ന് 850 രൂപ വീതവും (1700) ഉൾപ്പെടെ ആകെ 54700/- രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചിട്ടുണ്ട്. കമ്പനിക്ക് 46062.5/- രൂപ നൽകിയതിനു ശേഷമുള്ള ബാക്കി 8637.5/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ടി തുക ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി (നം. 20/16-09-23) നൽകി. 2022-23 വർഷം പട്ടികജാതി കുടുംബങ്ങൾക്ക് 4000 രൂപ വില വരുന്ന വാട്ടർ ടാങ്കുകൾ വാങ്ങുന്നതിനു ലക്ഷ്യമിട്ടിരുന്നതിനാലാണ് ഗുണഭോക്തൃവിഹിതമായി 1000 രൂപ വീതം പിരിച്ചെടുത്തതെന്നും, അതിനു ശേഷം ജെം മുഖേന വാങ്ങൽ നടപടികൾ സ്വീകരിച്ചതിനാൽ കുറഞ്ഞ നിരക്കിൽ വാട്ടർ ടാങ്ക് ലഭിച്ചെന്നും, ആനുപാതികമായി ഗുണഭോക്തൃവിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടെന്നും 8638 രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ടെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വിഷയത്തിൽ എടുത്ത തീരുമാനം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 റ്റേക്ക്-എ-ബ്രേക്ക് - നിർമ്മിച്ച ടോയ്ലറ്റ് കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല

റ്റേക്ക്-എ-ബ്രേക്ക് പദ്ധതിയിൽപ്പെടുത്തി ശുചിത്വമിഷൻ ഫണ്ട് 70000രൂപ, സി.എഫ്.സി ടൈഡ് ഫണ്ട് 30000 രൂപ എന്നിവ വിനിയോഗിച്ച് പഴയ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് നിർമ്മിച്ച ടോയ്ലറ്റ് കെട്ടിടത്തിന്റെ മെയിന്റനൻസ് സ്പിൽ ഓവർ ആയി ഓഡിറ്റ് വർഷം നടത്തിയിരുന്നു. എന്നാൽ ടി കെട്ടിടം നാളിതുവരെ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാതെ പൂട്ടിയിട്ടിരിക്കുകയാണ്. 2021-22 വർഷം ടി പദ്ധതിയുടെ അനുബന്ധ സൗകര്യങ്ങൾക്കായി 178574 രൂപ ചെലവഴിച്ചിരുന്നു.

2021-22 ലെ ഓഡിറ്റ് റിപ്പോർട്ടിലും ടി വിശ്രമകേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശം

നൽകിയിരുന്നെങ്കിലും നാളിതുവരെ ആയതിന്റെ നടത്തിപ്പിന് സംവിധാനം ഏർപ്പെടുത്തുകയോ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയോ ചെയ്തിട്ടില്ല പ്രസിദ്ധമായ മലയാലപ്പുഴ ദേവീക്ഷേത്രത്തിലേക്കുള്ള തീർത്ഥാടകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമാകുന്ന ടി വഴിയിടം ടേക്ക്-എ-ബ്രേക്ക് ഉപയോഗപ്പെടുത്തുന്നതിന് സംവിധാനം ഏർപ്പെടുത്താത്തത് അഭിലഷണീയമല്ല. പൊതുജനങ്ങൾക്ക് വൃത്തിയുള്ള പൊതു ശൗചാലയം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ടേക്ക് എ ബ്രേക്ക് പ്രോജക്ടുകൾ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത ലക്ഷ്യം നേടിയില്ലെന്നു മാത്രമല്ല, ചെലവഴിച്ച പൊതുപണം പാഴാകുകയും ചെയ്തു. ടേക്ക് എ ബ്രേക്ക് കെട്ടിടം കുടുംബശ്രീ സംവിധാനം മുഖേനയോ മറ്റ് മാർഗ്ഗങ്ങൾ അവലംബിച്ചോ നടത്തിപ്പ് ചുമതല കൈമാറി, ഉത്തരവാദിത്വത്തോടെ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ ക്രിയാത്മകമല്ല

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനും, സ്ത്രീകളുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും, സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുകയെന്നതാണ് ജാഗ്രതാസമിതിയുടെ ലക്ഷ്യം. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കിയ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല. രജിസ്റ്ററുകൾ, ഫയലുകൾ, ബുക്കുകൾ, ഓഫീസ് ആക്സസറീസ് എന്നിവ വാങ്ങിയതിൽ മാത്രമായി പ്രവർത്തനം ഒതുങ്ങി.

1995-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164A(5) നമ്പർ വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചു കൂട്ടേണ്ടതും, 2 യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ ജാഗ്രതാ സമിതി ഓഡിറ്റ് വർഷം 21-10-22, 29-03-23, 31-03-23 എന്നീ തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി തൻ വർഷം ജാഗ്രതാസമിതിയും ജൻഡർ റിസോഴ്സ് പ്രവർത്തനവും എന്ന പദ്ധതിക്കായി (S0234/23) 75000 രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തി വിഭാവനം ചെയ്തിരുന്നുവെങ്കിലും 1900 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അനിവാര്യമായി നടത്തേണ്ട പദ്ധതിയായിട്ടും ഇത് പൂർണ്ണമായും നടപ്പാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ചയാണ്. തുടർ വർഷങ്ങളിൽ ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീശാക്തീകരണത്തിനും സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതതത്വം ഉറപ്പാക്കുന്നതിനും വേണ്ടി രൂപീകരിച്ച ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തമാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-27 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം -അവലോകനം

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 25 അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇവയിൽ 13 എണ്ണം സ്വന്തം കെട്ടിടത്തിലും 12 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 25 അങ്കണവാടികൾക്കും ടോയ്‌ലറ്റ്, ഗ്യാസ് കണക്ഷൻ, വൈദ്യുതി എന്നിവയുണ്ട്. 3 അങ്കണവാടികൾക്ക് ബേബി ഫ്രണ്ട് ലി ടോയ്‌ലറ്റുണ്ട്. 12 അങ്കണവാടികൾക്ക് ചുറ്റുമതിലുണ്ട്. 8 അങ്കണവാടികളിൽ മാത്രമാണ് കുടിവെള്ളം ലഭ്യമായിട്ടുള്ളത്. ഒരു അങ്കണവാടിക്ക് സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിതിട്ടില്ല. ആവശ്യത്തിന് ഫർണിച്ചറുകൾ, പാത്രങ്ങൾ, ടിവി, ലാപ് ടോപ് എന്നിവ എല്ലായിടത്തും ലഭ്യമല്ല.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനും, ചുറ്റുമതിലില്ലാത്ത കെട്ടിടങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും, അടിസ്ഥാന സൗകര്യമില്ലാത്തവക്ക് ആയത് ഒരുക്കുന്നതിനും ആവശ്യമായ ഫണ്ട് കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-28 അതിദാരിദ്ര്യ മൈക്രോപ്ലാൻ പൂർണ്ണമായി നടപ്പാക്കിയില്ല

അതിദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ ഉൾപ്പെടെ എല്ലാവിധ ഘടകങ്ങളും ഉൾപ്പെടുത്തി അതിദാരിദ്ര്യ സർവ്വേയിൽ കണ്ടെത്തിയവർക്കായുള്ള മൈക്രോപ്ലാൻ പഞ്ചായത്തിൽ രൂപീകരിക്കണമെന്ന് സ.ഉ (കൈ.) 84/2022/തസ്വഭവ തീയതി 19.4.2022 ൽ പറഞ്ഞിട്ടുണ്ട്. (പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ)

129/23 നമ്പർ പ്രോജക്ട് പ്രകാരം അതിദാരിദ്ര്യം നിർമ്മാർജനം ചെയ്യൽ, മൈക്രോപ്ളാൻ തയ്യാറാക്കൽ എന്ന പദ്ധതിക്ക് വികസന ഫണ്ട് ജനറൽ, 136341 രൂപയും, തനത് ഫണ്ട് 63659 രൂപയും ചേർത്ത് 200000 രൂപ

വകയിരുത്തിയിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ട 30പേർക്ക് ഭക്ഷ്യകിറ്റ് നൽകുന്നതിന് 21058/- രൂപ, ആധാർ കാർഡ് ഇല്ലാത്തവർക്ക് ആധാർ കാർഡ് എടുക്കുന്നതിനായി അക്ഷയസെന്ററിൽ അടച്ച 750 രൂപ, ടി ലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവിന് ഭക്ഷണകിറ്റ് നൽകിയ വകയിൽ നൽകിയ 817 രൂപ, മെഡിക്കൽ ക്യാമ്പ് നടത്തിയ മെഡിക്കൽ സ്റ്റാഫിന് ഭക്ഷണം ഇനത്തിൽ നൽകിയ 750 രൂപ, കുപ്പിവെള്ളം നൽകിയ 75 രൂപ എന്നിങ്ങനെ 23450 രൂപ മാത്രമാണ് ചെലവഴിച്ചത്. അതിദാരിദ്ര്യ മൈക്രോപ്ലാൻ പ്രകാരം വിഭാവനം ചെയ്ത എല്ലാ ആനുകൂല്യങ്ങളും (മരുന്ന്, കുടിവെള്ളം, ടോയ്‌ലറ്റ്, വസ്ത്ര) പൂർണ്ണമായും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 13, 15-09-23) മറുപടി ലഭ്യമാക്കിയില്ല.

അതിദാരിദ്ര്യ മൈക്രോപ്ലാൻ പ്രകാരം വിഭാവനം ചെയ്ത എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിട്ട്സുകൾ യഥാസമയം അംഗീകരിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങൾ) 26(8) ചട്ടം പ്രകാരം പഞ്ചായത്ത് പാസ്സാക്കിയ തീരുമാനങ്ങളും പ്രമേയങ്ങളുമായ നടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ചട്ടം 26(9) പ്രകാരം മേൽ സൂചിപ്പിച്ച അദ്ധ്യക്ഷന് ലഭിച്ച നക്കൽ 24 മണിക്കൂറിനുള്ളിൽ പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന യോഗനടപടിക്കുറിപ്പ് സെക്രട്ടറി മിനിട്ട്സായി രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം എന്ന് ചട്ടം 26(10)-ൽ അനുശാസിക്കുന്നുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ജനറൽ കമ്മിറ്റി മിനിട്ട്സ് അംഗീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്.

| *ഭരണസമിതി യോഗം കൂടിയ തിയതി* | *സെക്രട്ടറി അംഗീകാരത്തിനായി മിനിട്ട്സ് അയച്ച തീയതി* | *അദ്ധ്യക്ഷൻ മിനിട്ട്സ് അംഗീകരിച്ച തീയതി* |
|---|---|---|
| 06.10.2022 | 31.12.2022 | 31.12.2022 |
| 13.10.2022 | 23.12.2022 | 23.12.2022 |
| 01.11.2022 | 27.12.2022 | 27.12.2022 |
| 22.11.2022 | 29.12.2022 | 29.12.2022 |
| 05.12.2022 | 31.12.2022 | 31.12.2022 |
| 14.12.2022 | 31.12.2022 | 31.12.2022 |
| 26.12.2022 | 05.01.2023 | 05.01.2023 |
| 10.01.2023 | 24.06.2023 | 24.06.2023 |
| 19.01.2023 | 30.06.2023 | 30.06.2023 |
| 24.01.2023 | 21.03.2023 | 21.03.2023 |
| 10.02.2023 | 21.03.2023 | 21.03.2023 |
| 16-02-2023 | 21.03.2023 | 21.03.2023 |
| 01-03-2023 | 21.06.2023 | 21.06.2023 |
| 13.03.2023 | 21.06.2023 | 21.06.2023 |
| 21.03.2023 | 23.06.2023 | 23.06.2023 |
| 24.03.2023 | 05-04-2023 | 03-05-2023 |
| 27.03.2023 | 05-04-2023 | 03-05-2023 |
| 29.03.2023 | 23-06-2023 | 23-06-2023 |

മിനിട്ട്സ് അംഗീകരിക്കാൻ അഞ്ച് മാസം വരെ കാലതാമസം ഉണ്ടായിട്ടുണ്ട്. അടുത്ത പഞ്ചായത്ത് യോഗം ചേരുന്നതിന് മുൻപ് മുൻ കമ്മിറ്റിയുടെ മിനിട്ട്സ് പ്രസിഡന്റ്/ അദ്ധ്യക്ഷൻ അംഗീകരിച്ചിട്ടില്ല. ചില യോഗങ്ങളുടെ മിനിട്ട്സ് അതിന് ശേഷം കൂടിയ യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ചതിന് ശേഷമാണ് അംഗീകരിച്ചിട്ടുള്ളത്. ഉദാഹരണത്തിന് 10.01.2023-ലെ യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ചത് 24.06.2023ൽ ആണ് 10.02.2023-ലെ യോഗത്തിന്റെ മിനിട്ട്സ് 21.03.2023-ൽ അംഗീകരിച്ചിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട്

ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ 15/15-09-23) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃത കാലയളവിൽത്തന്നെ കമ്മിറ്റി യോഗങ്ങളുടെ മിനിറ്റ്സ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 എസ്.എസ്.കെ- വിശദമായ വിനിയോഗ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.കെ വിഹിതം നൽകൽ (ജനറൽ) SO49/23 എന്ന പദ്ധതിക്കായി 453719 രൂപ സമഗ്ര ശിക്ഷാ കേരളാ ബ്ളോക്ക് കോ-ഓർഡിനേറ്ററുടെ കാനറാ ബാങ്കിലുള്ള CNR 2318101065470 എന്ന അക്കൗണ്ടിൽ അടവ് വരുത്തിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 08/ 11-09-23) ടി വിഷയം സംബന്ധിച്ച് ബ്ലോക്ക് കോ- ഓർഡിനേറ്റർക്ക് കത്ത് നൽകുമെന്നും മറുപടി ലഭ്യമാകുന്ന മുറക്ക് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പുരോഗതിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 പഞ്ചായത്തിൽ അംഗീകൃത അറവുശാലകൾ സ്ഥാപിച്ചില്ല

17.09.2009-ലെ 1173/ഡി.ബി.എസ്./09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനികവും ശാസ്ത്രീയവുമായ അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് നീതിപീഠം ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് പാലിച്ച് പഞ്ചായത്തിൽ നാളിതുവരെ അറവ് ശാല നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറിക്ക നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 12/15-09-23) പഞ്ചായത്ത് പരിധിയിൽ അംഗീകൃത അറവു ശാലകൾ നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും ടി വിവരം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 കേരള വാട്ടർ അതോറിറ്റിയിൽ തിരികെ ലഭ്യമായ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു

2020-21, 2022-23 വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിയിൽ കാഞ്ഞിരപ്പാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്ത 5346864 രൂപ പദ്ധതി നടപ്പിലാക്കാത്തതിനാൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 23.02.2023 ൽ ചെക്ക് നം. 359475 പ്രകാരം പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടുണ്ട്. ആയത് തനത് ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ടി തുക മറ്റെന്തെങ്കിലും പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 23/16-09-23) കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിച്ച 5346864 രൂപയിൽ സി.എഫ്.സി ബേസിക്ക് ഗ്രാന്റ് 449820 രൂപയും, വികസന ഫണ്ട് ജനറൽ 925000 രൂപയും ചേർത്ത് ആകെ 1374820 രൂപ, വീട് മെയിന്റനൻസ് എന്ന പ്രൊജക്ടിന് വെച്ചിട്ടുള്ളതും, സി.എഫ്.സി ടൈഡ് ഫണ്ട് തുകയായ 3972044 രൂപ ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകണമെന്ന് കാണിച്ച് കമ്മിറ്റി തീരുമാനപ്രകാരം അജണ്ട നൽകിയിട്ടുള്ളതും ആയതിന് മറുപടി നിലവിൽ ലഭിച്ചിട്ടില്ലാത്തതുമാണെന്നും, കമ്മിറ്റി തീരുമാന പ്രകാരം വീട് മെയ്ന്റനൻസ് പദ്ധതി രൂപീകരിച്ചെങ്കിലും കോ-ഓഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്കു മാത്രം ഫണ്ട് ചെലവഴിച്ചാൽ മതി എന്നുള്ള കമ്മിറ്റി നിർദ്ദേശ പ്രകാരം തിരികെ ലഭിച്ച തുക നാളിതുവരെ ഒരു പദ്ധതിക്കും വിനിയോഗിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. മേൽ തുക വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ലൈഫ് ഭവനപദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവനപദ്ധതി (ജനറൽ & എസ്.സി) സംബന്ധമായ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

| ക്രമ | ഗുണഭോക്താവിന്റെ പേരും | കരാർ | നൽകിയ |
|---|---|---|---|

| നം | വിലാസവും | തീയതി | തുക |
|---|---|---|---|
| 1 | തമ്പി, പടിഞ്ഞാറേപുരക്കൽ, താഴം പി.ഓ | 27-01-21 | 300000 |
| 2 | രാജേശ്വരി, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 10-02-21 | 40000 |
| 3 | ഭഗവതി ലാൽ കുമാർ, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 15-02-21 | 40000 |
| 4 | പി മീന, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 10-11-21 | 40000 |
| 5 | പ്രസന്ന കുമാരി, കുമ്പനാട്ട് കിഴക്കേച്ചരുവിൽ, മലയാലപ്പുഴ | 29-09-21 | 300000 |
| 6 | സന്ദന കുമാരി, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 25-08-21 | 200000 |
| 7 | ബിനു എസ്, പുത്തൻ പുരക്കൽ, മലയാലപ്പുഴ | 28-09-21 | 40000 |
| 8 | തങ്കമണി, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 03-02-21 | 360000 |
| 9 | പൊന്നമ്മ, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 03-02-21 | 360000 |
| 10 | റഹിമ പി.എം, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 08-02-21 | 40000 |
| 11 | ബിന്ദു എം.ബി, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 09-02-21 | 200000 |
| 12 | മല്ലിക, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 09-02-21 | 360000 |
| 13 | മോൻസി, തെക്കേമുണ്ടക്കൽ, പുതുവേലിൽ | 15-02-21 | 360000 |
| 14 | അംബിക, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 22-02-21 | 200000 |
| 15 | പ്രിയ പി. നായർ, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 15-02-21 | 360000 |
| 16 | കുഞ്ഞു കുഞ്ഞൻ, ആനക്കുടി | 15-02-21 | 360000 |
| 17 | ഭഗവതി, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 02-08-21 | 360000 |
| 18 | മാടസ്വാമി, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 02-08-21 | 40000 |
| 19 | വേലമ്മ, കുമ്പഴ എസ്റ്റേറ്റ്, പുതുക്കുളം | 16-08-21 | 40000 |
| 20 | റീന പി ജി, പടിഞ്ഞാറേപുരക്കൽ | 29-10-21 | 360000 |
| 21 | വൽസല പുഷ്പൻ, മണിയൻപാറ വടക്കേതിൽ, ചാവരുപാറ | 25-03-21 | 40000 |
| 22 | സോമൻ എൻ.എൻ, നെടിയവിള, കോന്നി | 12-04-22 | 300000 |
| 23 | ശാന്തമ്മ കെ.കെ, പാറക്കൽ, അതുമ്പുംകുളം | 12-04-22 | 200000 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 28/19-09-23) 2021-2022 ൽ കരാർ വെച്ച 8 ഗുണഭോക്താക്കൾ അഡ്വാൻസ് തുകയായ 40000 രൂപ കൈപ്പറ്റിയെങ്കിലും വീടിന്റെ പണി ആരംഭിക്കാത്ത സാഹചര്യം ആണെന്നും, മൂന്ന

ഗുണഭോക്താക്കൾ ഭിത്തി മട്ടം വരെ പണികൾ ചെയ്തിട്ടുണ്ടെന്നും, ബാക്കി പണികൾ ഉടനെ ചെയ്യുമെന്നും, നിലവിൽ ഫണ്ട് തീർന്ന സാഹചര്യമാണുള്ളതെന്നും, ഫണ്ട് ലഭ്യമാകുന്ന മുറക്ക് ഇവർക്ക് ബാക്കി ഗഡു നൽകുന്നതാണെന്നും, നാലു ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ബാക്കിയുള്ള എട്ടു പേർ സാമ്പത്തിക ബുദ്ധിമുട്ടു കാരണം പണി മുടങ്ങിക്കിടക്കുന്ന അവസ്ഥയിലാണെന്നും, കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ യോഗം പഞ്ചായത്ത് വിളിച്ചുകൂട്ടിയിട്ടുണ്ടെന്നും, പണി പൂർത്തിയാക്കാത്ത എല്ലാ ഗുണഭോക്താക്കൾക്കും കത്ത് നൽകിയിട്ടുണ്ടെന്നും ടി ഗുണഭോക്താക്കളുടെ വീടിന്റെ പണികൾ പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 പദ്ധതി യഥാസമയം നടപ്പാക്കിയില്ല. 1.22 കോടി രൂപ ലാപ്സായി.

മലയാലപ്പുഴ ഗ്രാമപ്പഞ്ചായത്തിൽ 2022-23 വർഷംഅസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രൊജക്ടുകളുടെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദാംശങ്ങൾ | |
|---|---|---|
| 1 | സ്പിൽ ഓവർ പ്രോജക്ടുകൾ | 16 |
| 2 | തൻവർഷ പ്രോജക്ടുകൾ | 78 |
| 3 | ആകെ | 94 |
| 4 | ആകെ അടങ്കൽ | 20759353 |
| 5 | നിർവഹണം നടത്തിയത് | 48 |
| 6 | ചെലവ് തുക | 8532874 |
| 7 | ചെലവ് ശതമാനം | 41 |
| 8 | നിർവഹണം നടത്താതിരുന്നത് | 46 |
| 9 | വിനിയോഗിക്കാതിരുന്ന തുക | 12226479 |

അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആകെ വകയിരുത്തിയ തുകയുടെ 41 ശതമനം മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത ആകെ 94 പ്രൊജക്ടുകളിൽ 46 എണ്ണം നിർവഹണം നടത്തിയിട്ടില്ല. ആയതിനാൽ ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയാതെ വരികയും, വികസന സാധ്യതകൾ നഷ്ടമാവുകയും ചെയ്തു എന്നു ഇതിലൂടെ വിലയിരുത്താവുന്നതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 27/19.09.2023) നൽകിയ മറുപടിയിൽ തൻവർഷത്തെ 16 പ്രവർത്തികൾ 2023-24 വർഷത്തിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സ്പിൽ ഓവർ പദ്ധതികളിൽ 4 എണ്ണം ഇനിയും പൂർത്തിയാക്കിയിട്ടില്ല. പ്രവർത്തികളുടെ പുരോഗതി കൃത്യമായി അവലോകനം ചെയ്യാത്തതിനാലാണ് ഇത്തരത്തിൽ കാലതാമസം വരുന്നത്. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 ലക്ഷക്കണക്കിനു രൂപയുടെ മരുന്നുകൾ KMSCL ൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പി.എച്ച്.സിക്ക് മരുന്നു വാങ്ങുന്നതിനും, പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്നു വാങ്ങുന്നതിനുമായി 931195 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു 2022-23 ൽ നൽകിയിരുന്നു. എന്നാൽ 08/2023 വരെ പി.എച്ച്.സി ക്ക് 351915 രൂപയുടേയും പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് 87951 രൂപയുടേയും മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.16) മറുപടിയായി KMSCL ൽ കൊല്ലം ഡിപ്പോയുമായി ബന്ധപ്പെട്ടപ്പോൾ വരുന്ന രണ്ട് മാസങ്ങൾക്കകം ബാക്കി തുകയ്ക്കുള്ള മരുന്നുകൾ എത്തിച്ചു തരുമെന്ന് അറിയിച്ചിട്ടുള്ളതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-36 കുടിവെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക അരക്കോടിയിൽ അധികം

ഗ്രാമപ്പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 5672185 രൂപ കേരള വാട്ടർ അതോറിട്ടിയിൽ ഒടുക്കുവാൻ അവശേഷിക്കുന്നു. 01/2013 ലെ കേരള വാട്ടർ അതോറിട്ടിയുടെ No.A5-845/LSG/2006/06 /02/2013 നമ്പർ ബിൽ പ്രകാരം കുടിവെള്ളക്കര കുടിശ്ശിക 121864 രൂപയായിരുന്നു. 03/2023 ആയപ്പോഴേക്കും ആയത് 5672185 രൂപയായി വർദ്ധിച്ചു. (ബിൽ നമ്പർ 76357/04-08-2023)

234 പൊതു ടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ 68250/- രൂപയാണ് ഗ്രാമപ്പഞ്ചായത്ത് 2011 ഡിസംബർ വരെ

കേരള വാട്ടർ അതോറിറ്റിയിൽ പ്രതിമാസം ഒടുക്കി വന്നിരുന്നത്. കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തും സംയുക്ത പരിശോധന നടത്താതെ കേരള വാട്ടർ അതോറിറ്റി സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം 325 ആയി ഏകപക്ഷീയമായി നിശ്ചയിക്കുകയും വെള്ളക്കരം 94791/- രൂപയായി വർദ്ധിപ്പിക്കുകയും 2013 ജനവരി മുതൽ വർദ്ധിപ്പിച്ച തുക ആവശ്യപ്പെട്ടുകൊണ്ട് ബില്ല് നൽകുകയുമുണ്ടായി. സംയുക്ത പരിശോധന നടത്താതെയുള്ള ഈ വർദ്ധനവ് പ്രകാരമുള്ള വെള്ളക്കരമായ 94791/- രൂപ പഞ്ചായത്ത് അംഗീകരിച്ചില്ല. (യോഗ തീരുമാനം നമ്പർ 5( 5)/ 06-02-13 ). തുടർന്നും 234 ടാപ്പുകൾക്ക് 3500/- രൂപ എന്ന നിരക്ക് പ്രകാരം 09/2014 വരെ 68250/- രൂപ ബില്ല് ഒടുക്കി വന്നിരുന്നു. എന്നാൽ കേരള വാട്ടർ അതോറിറ്റി ആകട്ടെ 01/2013 മുതൽ 26542 രൂപയും ഫൈനും ചേർത്ത് ബില്ല് നൽകിക്കൊണ്ടിരുന്നു. തുടർന്ന് 10/2014 മുതൽ വാട്ടർ അതോറിറ്റി പൊതു ടാപ്പുകളുടെ വാർഷിക വാടക 3500 ൽ നിന്നും 5250 രൂപ ആക്കി വർദ്ധിപ്പിച്ചു. ആയത് പ്രകാരം 234 ടാപ്പുകളുടെ പ്രതിമാസ വെള്ളക്കര തുകയായ 102375രൂപ 06/2015 വരെ ഒടുക്കിയിട്ടുണ്ട്. ബിൽ തുക ഒടുക്കുമ്പോൾ തന്നെ കേരള വാട്ടർ അതോറി, ആർ.ഡി.ഒ, പഞ്ചായത്ത് ഡയറക്ടർ എന്നീ ഉന്നത തലങ്ങളുമായി പഞ്ചായത്ത് ബന്ധപ്പെട്ട് തർക്ക പരിഹാരത്തിനായി ശ്രമങ്ങൾ നടത്തി വരികയും ചെയ്തിരുന്നു.

01-03-2019 ൽ കേരളവാട്ടർ അതോറിട്ടി അക്കൌണ്ട്സ് ഓഫീസർ പത്തനംതിട്ട എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകിയ കത്തിൽ OTS പ്രകാരം 01/19 വരെ 14,52,046 രൂപ മാത്രം പഞ്ചായത്ത് ഒടുക്കുവാൻ ഉള്ളു എന്നും അതിൽ 1329858 രൂപ സോഴ്സിൽ നിന്നും കുറവ് ചെയ്യുന്നതിന് സർക്കാരിനെ അറിയിച്ചതായും ബാക്കി 122888 രൂപ 01/19 വരെയുള്ള കുടിശ്ശിക ആണെന്നും ടി തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും അറിയിച്ചിരുന്നു. എന്നാൽ വാട്ടർ അതോറിട്ടിയിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭിക്കാത്തതിനാൽ പഞ്ചായത്തിന് ടി തുക ഒടുക്കാൻ സാധിച്ചില്ല. ഡിമാന്റ് നോട്ടീസ് ലഭ്യമാക്കാനായി പഞ്ചായത്തിൽ നിന്നും 17-04-2020, 08-08-2022, 23-08-2022 എന്നീ തീയതികളിൽ വാട്ടർ അതോറിട്ടിക്ക് കത്തു നൽകിയെങ്കിലും വാട്ടർ അതോറിട്ടി ഡിമാന്റ് നോട്ടീസ് ലഭ്യമാക്കാഞ്ഞതിനാൽ കുടിശ്ശിക നിലനിന്നു. കേരളവാട്ടർ അതോറിട്ടി അക്കൌണ്ട്സ് ഓഫീസറുടെ 01-03-2019 തീയതിയിലെ കത്ത് പരിഗണിക്കാതെ മുൻപുണ്ടായിരുന്ന കുടിശ്ശികയും അതിന്റെ പലിശയും പിഴപ്പലിശയും ഉൾപ്പെടെ തുടർന്നും ബിൽ നൽകിക്കൊണ്ടിരിക്കുകയാണ്. നിലവിൽ 08/23 ൽ കുടിശ്ശിക 5672185 രൂപയാണ്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 29/19-09-23) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി ടി കുടിശ്ശിക തുകയിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കായി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇക്കാര്യത്തിൽ ഡിമാന്റ് നോട്ടീസ് വാട്ടർ അതോറിട്ടിയിൽ നിന്നും ലഭിക്കുന്നതിനും നിലവിലെ തർക്കം അവസാനിപ്പിക്കുന്നതിനും പഞ്ചായത്തിലെ വർദ്ധിച്ചു വരുന്ന കുടിശ്ശിക ബാദ്ധ്യത ഒഴിവാക്കുന്നതിനു വേണ്ടി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യാഗസ്ഥനായി നടപ്പിലാക്കിയ അഗതി രഹിത കേരളം പദ്ധതിയുടെ ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

അഗതി രഹിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്, സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 252/12-12-17 പ്രകാരം അഗതികളായ ആളുകൾക്ക് വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുക, റേഷൻ കടകളിൽ നിന്ന് ലഭിക്കാത്ത സാധനങ്ങൾ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകുക, പോഷകാഹാര കിറ്റ് പ്രതിമാസം ലഭ്യമാക്കുക, പോഷകാഹാരക്കുറവുള്ള അഗതി ഉപഭോക്താക്കൾക്ക് താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ പോഷകനില തിട്ടപ്പെടുത്തുക, ഭക്ഷണം പാകം ചെയ്യാൻ ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണം എത്തിക്കുക തുടങ്ങിയതടക്കമുള്ള നിരവധി ഭക്ഷണ വിതരണ പദ്ധതികൾ, ആരോഗ്യ സേവനങ്ങൾ കിട്ടുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുക, സ്ഥിരമായി മരുന്നു വിതരണം ചെയ്യുക, മെഡിക്കൽ ക്യാമ്പ് ഇൻഷുറൻസ് എന്നിവ അടക്കമുള്ള നിരവധി ആരോഗ്യ പദ്ധതികൾ, വസ്ത്രം, പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസം, കിടപ്പാടം, ഭൂമി, കുടിവെള്ളം, ശുചിത്വ സംവിധാനം തൊഴിൽ പരിശീലനം സംബന്ധിച്ച വിവിധ പദ്ധതികൾ എന്നിവയെല്ലാം അഗതി കേരളം പദ്ധതിക്ക് വേണ്ടി നടപ്പാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഭക്ഷണവിതരണം അല്ലാതെ ഇത്തരത്തിലുള്ള യാതൊരു വിധ പദ്ധതികളും നടപ്പിലാക്കിയതായി കാണുന്നില്ല. ബാങ്ക് പാസ് ബുക്ക് പ്രകാരം നിലവിൽ 31-03-23 തീയതിൽ 1563216/- രൂപ ബാക്കിയുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ കുടുംബങ്ങളെ കണ്ടെത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ സർക്കാർ ആരംഭിച്ച ആശ്രയ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ യാതൊരു വിധ ശ്രദ്ധയും ഉണ്ടായതായി കാണുന്നില്ല. ഗ്രാമപ്പഞ്ചായത്തിലെ അഗതിരഹിതം കേരളം പദ്ധതിയിൽ നിലവിൽ 100 അംഗങ്ങളാണുള്ളത്. 2019-20 മുതൽ 2022-23 വരെയായിരുന്ന പദ്ധതി കാലയളവ്. 15.03.2023 ൽ നടന്ന

സി.ഡി.എസിന്റെ കമ്മിറ്റിയിൽ ആശ്രയ അംഗങ്ങളെ പുതുക്കി നിശ്ചയിക്കുന്നതിനും, ആശ്രയ അംഗങ്ങൾക്ക് വീട് മെയിന്റനൻസ് നടത്തുന്നതിനും തീരുമാനമാനിച്ചിരുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷം പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19\16.09.2023 ന് നൽകിയ മറുപടിയിൽ അർഹരായവർക്ക് ആനുകൂല്യങ്ങൾ നൽകിയെന്ന് അസ്സിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഭക്ഷണവിതരണം അല്ലാതെ മറ്റൊരു പദ്ധതിയും ഓഡിറ്റ് കാലയളവിൽ നടപ്പിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടില്ല. അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗനിർദേശങ്ങൾ പ്രകാരമുള്ള പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് പഞ്ചായത്ത് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-38 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കിയില്ല.

പഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പിലാക്കിയില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഇതിന്റെ ഭാഗമായി വികസിപ്പിച്ച സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം)/ക്യൂ.ആർ. കോഡ് സമ്പ്രദായം പ്രായോഗികതലത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപ്പഞ്ചായത്തുകൾ എടുക്കേണ്ടതാണെന്നും 2022-23 ൽ തന്നെ എല്ലാ ഗ്രാമപ്പഞ്ചായത്തുകളും ആയത് പ്രവർത്തനക്ഷമമാക്കേണ്ടതാണെന്നും സ.ഉ. (കൈ.)നം.115/2022/തസ്വഭവ തീയതി: 28.05.2022 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-39 എ.ബി.സി പദ്ധതി നടപ്പിലാക്കിയില്ല

28.04.2022 ൽ ചേർന്ന ജനറൽ കമ്മിറ്റി മീറ്റിംഗ് മിനിട്സ് തീരുമാനം നം.1 പ്രകാരം ഗ്രാമപ്പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തെരുവ് നായകളുടെ ശല്യം ഒഴിവാക്കുന്നതിനായി വാർഷിക പദ്ധതിയിൽ എ.ബി.സി പദ്ധതി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസതുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. 24.12.2001 ലെ എ.ബി.സി നിയമത്തിലെ പാർട്ട് 11, സെക്ഷൻ 3(11)(6) പ്രകാരം ഒരു ത.സ്വ.ഭ സ്ഥാപനം തെരുവുനായ ശല്യം ഒഴിവാക്കുന്നതിനായി അഭയകേന്ദ്രങ്ങൾ, പ്രത്യേക സൗകര്യമുള്ള വാഹനങ്ങളും അനുബന്ധ സൗകര്യങ്ങളും, വന്ധീകരണം സംബന്ധിച്ചുള്ള സംവിധാനങ്ങൾ, വാക്സിനേഷൻ എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. കൂടാതെ സ.ഉ (സാധാ)നം. 1450/7 ത.സ്വ.ഭ. തീയതി 05.05.2017 പ്രകാരം എ.ബി.സി യുടെ പദ്ധതി നിർവഹണ ഏജൻസിയായി കുടുംബശ്രീയെ ക്കുടി ഉൾപെടുത്തിയിരുന്നു. എന്നാൽ ഈ നടപടിക്രമകളൊന്നും പഞ്ചായത്ത് പാലിച്ചിട്ടില്ല. എ.ബി.സി പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-40 ഓഡിറ്റ് ഇംപാക്ട്

1. പഞ്ചായത്തിൽ 2021-22 വർഷം കരാർ ജോലി ചെയ്ത എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഒടുക്കു വരുത്തി ആയതിന്റെ രസീത് പഞ്ചായത്ത് ഓഡിറ്റിൽ ഹാജരാക്കി.(ഓഡിറ്റ് എൻക്വയറി നം.9/13.09.23)

2. മരണപ്പെട്ട രണ്ട് ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ പഞ്ചായത്ത് സസ്പെന്റ് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിച്ചു.(ഓഡിറ്റ് എൻക്വയറി നമ്പർ 30/19-09-23)

## 1-41 സമഗ്ര പുരയിട കൃഷി- പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച്

ഓഡിറ്റ് വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി സമഗ്ര പുരയിട കൃഷി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നമ്പർ | വകയിരുത്തിയ തുക | | ചെലവ് | |
|---|---|---|---|---|---|
| | | വികസന ഫണ്ട് (ജനറൽ) | മറ്റുള്ളവ | | |
| 1 | സമഗ്ര പുരയിട | 300000 | 82400 | | 298700 |

| | |
|---|---|
| | കൃഷി |

ടി പദ്ധതി പ്രകാരം 103 പേർക്ക് 1500 രൂപയുടെ ഇടവിള കിറ്റ് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഇടവിളക്കിറ്റിന്റെ വിതരണ രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല.

2. ഇടവിള കിറ്റ് നൽകിയ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചില്ല.

3. കിറ്റിലുണ്ടായിരുന്ന വിളകളുടെ ഗുണ നിലവാരം കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ഇൻവോയിസുകൾ ഫെബ്രുവരി 2023 ൽ കെയ്കോ നൽകിയിരുന്നുവെങ്കിലും കിറ്റുകൾ കർഷകർക്കു നൽകിയത് എന്നാണ് എന്ന് വ്യക്തമല്ല. ആയതിനാൽ ഇവ കൃഷി നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

5. പദ്ധതിയിന്മേൽ കൃത്യമായ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്റ്റിന്റെ പേര് /നം | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | വീട് വാസയോഗ്യമാക്കൽ 11/23 | 1400000 | 1400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | അങ്കണവാടി അനുപൂരകപോഷകാഹാര പരിപാടികൾ, 12/23 | 300000 | 291699 | 8301 |
| ജില്ലാ പഞ്ചായത്ത് | അങ്കണവാടി അനുപൂരകപോഷകാഹാര പരിപാടികൾ 12/23 | 200000 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | പാലിയേറ്റീവ് കെയർ 14/23 | 400000 | 398195 | 1805 |
| ബ്ലോക്ക് പഞ്ചായത്ത് | ബഡ്സ്കൂൾ, 17/23 | 200000 | 79150 | 120850 |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി 58/23 | 3000000 | 2048200 | 951800 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി | 3000000 | 880000 | 2120000 |

| | | | | |
|---|---|---|---|---|
| | 58/23 | | | |
| ബ്ലോക്ക് പഞ്ചായത്ത് | അഗതി രഹിത കേരളം (ആശ്രയ )പദ്ധതി 64/23 | 200000 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ഞങ്ങളും കൃഷിയിലേക്ക് -വാഴ കൃഷി വികസനം 81/23 | 296475 | 124125 | 172350 |
| ബ്ലോക്ക് പഞ്ചായത്ത് | ഞങ്ങളും കൃഷിയിലേക്ക്-പച്ചക്കറി കൃഷി വികസനം 93/23 | 300000 | 280000 | 20000 |
| ബ്ലോക്ക് പഞ്ചായത്ത് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 96/23 | 300000 | 192550 | 107450 |
| ജില്ലാ പഞ്ചായത്ത് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 96/23 | 200000 | 192550 7450 | |
| ബ്ലോക്ക് പഞ്ചായത്ത് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 142/23 | 500000 | 499686 | 314 |
| ബ്ലോക്ക് പഞ്ചായത്ത് | കാഴ്ച ശക്തി ഇല്ലാത്തവർക്ക് കമ്പ്യൂട്ടർ വാങ്ങൽ 186/23 | 100000 | 48090 | 51910 |

## 4-2 നിക്ഷേപ പ്രവൃത്തികളുടെ വിവരം

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | |
|---|---|---|---|---|
| | | | മുതൽ | പലിശ |
| ലൈഫ് ഭവന പദ്ധതി | 3404791 | 2260794 | 1441513 | 819281 |

## 4-5 സ്ഥിരനിക്ഷേപം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൻവർഷം നിക്ഷേപിച്ച തുക | വർഷാരംഭത്തിലുണ്ടായിരുന്ന തുക | പലിശ | വർഷാവസാനത്തിലുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-മലയാലപ്പുഴ എഫ്.ഡി നം-347 Dtd 31-03-2010 | ഇല്ല | 512872 | 34619 | 547491 |
| 2 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-മലയാലപ്പുഴ എഫ്.ഡി നം-341 Dtd 29-03-2010 | ഇല്ല | 769301 | 51928 | 821229 |
| | ആകെ | | | | 1368720 |

## 4-6 ഓഡിറ്റ് റിക്കവറി

തൻ വർഷം ഈയിനത്തിൽ വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | 2-1 | തൊഴിൽ നികുതി സ്ഥാപന തലവൻ നൽകുന്ന റിട്ടേണുകൾ അപൂർണ്ണം | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2-1 | 2016-17 | 2-1 | അംഗീകൃത കരാറുകാരുടെ നികുതി ഈടാക്കിയിട്ടില്ല | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47080636 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 25151803 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2007-08 | നം.എൽ.എഫ്.പി.റ്റിഎ.പി.10/211/11<br>തീയതി 07.10.10/04.02.13 | 2 (3-7, 3-8) |
| 2012-13&2013-14 | നം.എൽ.എഫ്.പി.റ്റി.എ. പി.9-893/14<br>തീയതി 07.11.14/18.11.14 | 3 (1-7, 3-4, 3-6) |
| 2014-15 | നം.കെഎസ്എ.പിറ്റിഎ.പി12-535/16<br>തീയതി 10.5.16 | 4 (2-2, 3-6, 3-7, 3-8) |
| 2015-16 | നം. കെഎസ്എ.പിറ്റിഎ.പി12-1188/16<br>തീയതി 17.11.16 | 2 (3-2, 3-5) |
| 2016-17 | നം. കെഎസ്എ.പിറ്റിഎ.പി11-810/17<br>തീയതി 15.07.17 | 11 (2-1, 2-2, 2-3,2-4,2-5, 2-6, 2-7,3-2,3-7, 3-8,3-9) |
| 2017-18 | നം. കെഎസ്എ.പിറ്റിഎ.പി13-1468/18<br>തീയതി 29.10.18 | 3 (3-3, 3-9, 4-2) |
| 2018-19 | നം. കെഎസ്എ.പിറ്റിഎ.പി13-1003/19<br>തീയതി 19.12.19 | 1-16, 1-17 A, 1-18, 1-20, 1-21, 1-23, 1-26, 4-2, 4-3 |
| 2019-20 | നം. കെഎസ്എ.പിറ്റിഎ.പി9-493/21<br>തീയതി 27.08.21 | 1-11, 1-12, 1-16, 1-22 |
| 2020-21 | നം. കെഎസ്എ.പിറ്റിഎ.പി9-494/21<br>തീയതി 27.08.21 | 1-12(1), 1-16, 1-21, (1&2). 1-23, 1-27, 1-28 |
| 2021-22 | നം. കെഎസ്എ.പിറ്റിഎ.പി9-1312/22<br>തീയതി 06.01.23 | 1-2, 1-11, 1-12A,B, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-29, 4-9 |

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 26 dated 25-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the MALAYALAPPUZHA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of MALAYALAPPUZHA Grama Panchayat for the year 2022-2023

Date: 25/10/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of MALAYALAPPUZHA Grama Panchayat for the Year 2022-2023.

**1.Major Observations**

1.Non disclosure of assets- Asset register is not updated and hence the value of asset shown AFS is not accurate.

**2.Other Observations**

1. The following Mandatory statements prescribed in accounting rules are not submitted for Audit. Eg- Ratios,notes on account
2. Cash Flow Statement-Net increase in cash flow doesnot match with the difference between the opening balance and closing balance of cash and cash equivalents

3. Amount used for Asset creation using specific grant account was not transferred

to Capital contribution and treated as revenue income.

4. lapses in making timely and accurate demand entries in respect of tax and non tax revenue
5. Deposit Register does not match with AFS and not reliable for audit
6.Demand Registers of property tax does not match with AFS
7.Advance Register is not updated and hence doesnot match with AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്